# കേരളകാർഷികസർവ്വകലാശാല
## കാർഷികകാലാവസ്ഥാശാസ്ത്രപഠന വിഭാഗം
## ഹോർട്ടികൾച്ചർകോളേജ്,വെള്ളാനിക്കര
**Email: cohagmet@kau.in&kauagmet@yahoo.co.in**


**കാർഷികകാലാവസ്ഥനിർദ്ദേശക ബുള്ളറ്റിൻ**

## തൃശ്ശൂർ ജില്ല

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എ.എസ് 39/2018(78), വെള്ളിയാഴ്ച** **തീയ്യതി 28.09.2018**

**പ്രളയ ബാധിത മേഖലകളിൽ ഈ ബുള്ളറ്റിനിലെ കാർഷിക നിർദ്ദേശങ്ങൾ പ്രായോഗികമല്ല.**

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:**കഴിഞ്ഞ ആഴ്ച്ച വെള്ളാനിക്കരയിൽ 2.7 മി.മീ മഴ ലഭിച്ചു. ഏറ്റവും ഉയർന്നതാപനില 33.2 മുതൽ 34.4 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 21.4 മുതൽ 23.2 ഡിഗ്രി സെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 85 മുതൽ 95 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 53 മുതൽ 65 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 1.0 മുതൽ 2.0 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനം പ്രതി 3.3 മുതൽ 9.6 മണിക്കൂറും, ബാഷ്പീകരണം ദിനം പ്രതി 3.0 മുതൽ 3.8 മില്ലി.മീറ്റർ വരെയും ആയിരുന്നു.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 29.09.2018 | 30.09.2018 | 01.10.2018 | 02.10.2018 | 03.10.2018 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 12 | 0 | 8 | 0 | 0 |
| ഉയർന്ന താപനില (°C) | 34.2 | 34.2 | 34.2 | 34.2 | 34.2 |
| കുറഞ്ഞ താപനില (°C) | 22.6 | 22.6 | 22.6 | 22.6 | 22.6 |
| മേഘവ്യാപ്തി (ഒക്ട്സ) | 5 | 5 | 5 | 5 | 5 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത(%) | 55 | 55 | 55 | 55 | 55 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 6 | 6 | 6 | 6 | 6 |
| കാറ്റിന്റെദിശ (ഡിഗ്രി) | 270 | 270 | 270 | 270 | 270 |
| ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ പ്രവചനമനുസരിച്ച് തൃശ്ശൂർ ജില്ലയിൽ വരും ദിവസങ്ങളിൽ നേരിയ തോതിലുള്ള മഴയ്ക്ക് സാധ്യത. | | | | | |

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| നെല്ല് | കൊയ്ത്തു പരുവം | ഓലചുരുട്ടിപ്പുഴു, തണ്ടുതുരപ്പൻ | നെല്ലിലെ ഓലചുരുട്ടിപ്പുഴുവിനെയും തണ്ടുതുരപ്പനെയും പ്രതിരോധിക്കാനായി ഒരു ഏക്കർ പാടശേഖരത്തിന് 2 സിസി ട്രൈക്കോഗ്രമ്മ കാർഡ് വീതം, ചെറു കഷ്ണങ്ങളായി മുറിച്ചു വയലിന്റെ പലഭാഗത്ത് പ്ലാസ്റ്റിക്ക് കപ്പുകളിൽ കുത്തി വെക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ 3 മില്ലി ക്ലോറാൻട്രനിലിപ്രോൾ 10 ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തളിക്കുക. |
| തെങ്ങ് | - | വെള്ളീച്ച | തെങ്ങിലെ വെള്ളീച്ചയെ നിയന്ത്രിക്കാനായി 2% വീര്യമുള്ള വേപ്പെണ്ണ എമൾഷൻ തയ്യാറാക്കിയതിലേക്ക് 20ഗ്രാം ലെക്കാനിസീലിയം എന്ന മിത്രകുമിൾ ചേർത്ത് നന്നായി കലക്കി ഇലകളുടെ അടിവശത്ത് പതിയത്തക്കവിധം തളിച്ച് കൊടുക്കുക. |
| പച്ചക്കറികൾ | കായ്ക്കുന്ന പരുവം | കായും തണ്ടും തുരക്കുന്ന കീടം | പയറിൽ കായും തണ്ടും തുരക്കുന്ന കീടത്തിന്റെ, ഉപദ്രവമേറ്റ ഭാഗങ്ങൾ മുറിച്ചു നീക്കം ചെയ്യുക. കായ്തുരപ്പന്റെ ആക്രമണം നിയന്ത്രിക്കാനായി വേപ്പിൻ കുരുസത്ത് 5% വീര്യത്തിൽ തയ്യാറാക്കി തളിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ 2 മി.ലി ഫ്ളൂബെന്റാമൈഡ് 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ അല്ലെങ്കിൽ ക്ലോറാൻട്രാനിലിപ്രോൾ 3 മി.ലി. 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ തളിച്ചു കൊടുക്കേണ്ടതാണ്. |
| മൃഗസംരക്ഷണം | • കന്നുകാലികളെ രാവിലെ 10 മണി മുതൽ 3 മണി വരെ ഉള്ള സമയങ്ങളിൽ തുറസായ സ്ഥലങ്ങളിൽ മേയാൻ വിടുന്നത് ഒഴിവാക്കുക.<br>• പൂപ്പൽ വിഷബാധ തടയുന്നതിനായി കാലിത്തീറ്റ ഇടയ്ക്കിടെ വെയിലത്തിട്ട് ഉണക്കുക.<br>• വിരമരുന്നുകളും പ്രതിരോധ കുത്തിവെപ്പുകളും യഥാസമയം നൽകുക.<br>**(സി.എ.എ.ഡി.ഇ.സി.സി.എസ്., കെ.വി.എ.എസ്.യു., മണ്ണുത്തി)** | | |